വിദ്യാർത്ഥികൾക്ക് അധിക സഹായം നൽകേണ്ടതെന്ന് കോളേജുകൾക്ക് തീരുമാനിക്കാവുന്നതാണ്. പ്ലസ് ടു തലത്തിൽ ലഭിക്കുന്ന മാർക്ക് പരിഗണിച്ച് പിന്നിൽ നിൽക്കുന്നവർക്കാണ് പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുക.

(സി) സ്കോളർ സപ്പോർട്ട് പ്രോഗ്രാം എയ്ഡഡ് കോളേജുകളിലും നടപ്പാക്കി വരുന്നു. 2014-15 വർഷത്തിൽ 148 എയ്ഡഡ് കോളേജുകളിൽ ടി പദ്ധതി നടപ്പിലാക്കി.

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി സഹായം

14 (1050) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജിന് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടാമോ ?

ഉത്തരം

2015-16 -ൽ ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ സമർപ്പിക്കാവുന്നതാണ്. യു.ജി.സി.-യുടെ 12 (B), 2 (F) അംഗീകാരം ലഭിച്ചിട്ടുള്ള കോളേജുകൾക്കും അക്രെഡിറ്റേഷൻ ഉള്ള കോളേജുകൾക്കുമാണ് മുൻഗണന.

കോഴിക്കോട് കേന്ദ്രമായി എൽ.എൽ.ബി. സായാഹ്ന കോളേജ്

15 (1051) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കേന്ദ്രമായി എൽ.എൽ.ബി. സായാഹ്ന കോളേജ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly